മേൽച്ചിറ നന്നാക്കലും തോടുവെട്ടും.

103. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃഷി വികസനത്തിനു് എത്രയെല്ലാം മേൽച്ചിറ നന്നാക്കുവാനും എത്രയെല്ലാം തോടുവെട്ടുവാനും വേണ്ട മേൽനടപടി സ്വീകരിക്കുന്നതിനു് ശ്രീരനാട് വടക്കേപഞ്ചായത്തിൽനിന്നും കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവു് ഇഞ്ചിനീയർക്കു് അപേക്ഷ കിട്ടിയിട്ടുണ്ടു് ;

(ബി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം.

(എ) നെടിയപാടം ഏലായിലേയും കൊഴകട ഏലായിലേയും തോടുകളും നന്നാക്കുന്നതിനുള്ള പ്രമേയങ്ങളും ലഭിച്ചിട്ടുണ്ടു്.

(ബി) ഡിസ്ട്രിക്റ്റു് ഡവലപ്പുമെന്റു് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം സാങ്കേതിക പരിമിതികളുടെ വിധേയമായ ജോലി നടത്തുന്നതാണു്.

ഇറിഗേഷൻ വർക്കുകൾ.

104. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1964-1965-ൽ കൃഷി വികസനത്തിനു് എത്രയെല്ലാം ഇറിഗേഷൻ വർക്കുകളുടെ എസ്റ്റിമേറ്റുകളും എടുക്കണമെന്നും മേൽനടപടി സ്വീകരിക്കുന്നതിനും വേണ്ടി പ്രമേയം പാസ്സാക്കി കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവു്; ഇഞ്ചിനീയർക്കു് ശ്രീരനാട് വടക്കു പഞ്ചായത്തിൽനിന്നും 1964 ജനുവരി 1-ാം തീയതിക്കുശേഷം 1964 ഫെബ്രുവരി 15-ാം തീയതിക്കകം കിട്ടിയിട്ടുണ്ടു്.

(ബി) അതിന്മേൽ എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ഉത്തരം.

(എ) നെടിയ പാടം ഏലായിലേയും കൊഴകട ഏലായിലേയും തോടുകളും നന്നാക്കുന്നതിനുള്ള പ്രമേയങ്ങളും ലഭിച്ചിട്ടുണ്ടു്.

(ബി) ഡിസ്ട്രിക്റ്റു് ഡവലപ്പുമെന്റു കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനുശേഷം സാമ്പത്തിക പരിമിതികളുടെ വിധേയമായ ജോലി നടത്തുന്നതാണു്.

കോവാപ്പറേറ്റീവു് മാർക്കറ്റിംഗ്സൊസൈറ്റികൾ അനുവദിച്ച സബ്സിഡി.

105. [10] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) പാലക്കാട്ജില്ലയിലെ മണ്ണാർക്കാട്ടു് കോവാപ്പറേറ്റീവു്മാർക്കറ്റിംഗ് സൊസൈറ്റികൾ അട്ടപ്പാടി ജനങ്ങളുടെ അഭിവൃദ്ധി ശ്രദ്ധിക്കുവാനായി സബ്സിഡി എന്ന നിലയിൽ ഒരു ജീപ്പിനു സംഖ്യ അനുവദിച്ചിരുന്നുവോ ;

(ബി) ഈ ജീപ്പു് മടക്കിത്തരണമെന്നു് ഗവണ്മെന്റു് കല്പന അയച്ചിട്ടുണ്ടോ ;

(സി) ഒരു സഹകരണ സംഘത്തിനു ഗവണ്മെന്റു സബ്സിഡിയായി കൊടുത്ത സംഖ്യ തിരിച്ചുവാങ്ങുന്നതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly